## 15 -ാം കേരള നിയമസഭ

## 11 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4515** **01-07-2024 - ൽ മറുപടിയ്ക്ക്**

## വൈദ്യുതി ബില്ലിലെ വ്യത്യസ്ത ഇനങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. വി. ഇബ്രാഹിം | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | ഉപഭോക്താക്കൾക്ക് നൽകുന്ന വൈദ്യുതി ബില്ലിൽ ഏതെല്ലാം ഇനത്തിലാണ് തുക ഈടാക്കുന്നതെന്ന് വിശദമാക്കുമോ; | (എ) | ഉപഭോക്താക്കൾക്ക് നൽകുന്ന ബില്ലുകളിൽ താഴെപ്പറയുന്ന ഇനങ്ങളിലാണ് തുക ഈടാക്കുന്നത്.<br>1.എനർജി ചാർജ്ജ്<br>2. ഫിക്സഡ് ചാർജ്ജ്<br>3. ഇലക്ട്രിസിറ്റി ഡ്യൂട്ടി<br>4. മീറ്റർ വാടക<br>5. ഫ്യൂവൽ സർചാർജ്ജ്<br>6. Auto recovery fuel surcharge<br>7. Late payment surcharge (യഥാസമയം ബിൽ തുക അടക്കാതിരുന്നാൽ )<br>8.റീ കണക്ഷൻ ചാർജ്ജ് (ഡിസ്കണക്ട് ചെയ്തവർക്ക മാത്രം)<br>9. പവർ ഫാക്ടർ ഇൻസെന്റീവ്/പെനാൽറ്റി (വ്യവസായിക കണക്ഷനുകൾക്ക് മാത്രം)<br>10. Self-generation duty (സോളാർ പ്രൊസുമർക്ക്)<br>11. മീറ്റർ വാടകയിൻമേലുള്ള ജി.എസ്.ടി |
| (ബി) | പ്രസ്തുത ബില്ലിൽ ഉൾപ്പെടുത്തിയിട്ടുള്ള ഫിക്സഡ് ചാർജ്ജ്, മീറ്റർ വാടക, എനർജി ചാർജ്ജ്, ഡ്യൂട്ടി, ഫ്യൂവൽ സർചാർജ്ജ്, മന്ത്‌ലി ഫ്യൂവൽ സർചാർജ്ജ് എന്നീ വ്യത്യസ്ത ഇനങ്ങളിലായി പണം ഈടാക്കാനുള്ള കാരണമെന്താണെന്ന് ഇനം തിരിച്ച് വിശദമാക്കുമോ? | (ബി) | വൈദ്യുതി നിയമം - 2003-ലെ 45 (3) (a) വകുപ്പ പ്രകാരം വിതരണ ലൈസൻസി നൽകുന്ന വൈദ്യുതിക്ക്, യഥാർത്ഥ വൈദ്യുതി ഉപയോഗത്തിനുള്ള ചാർജ്ജിനു പുറമേ (energy charge) ഫിക്സഡ് ചാർജ്ജ് കൂടി ഈടാക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. 45 (3) (b) പ്രകാരം ലൈസൻസി നൽകുന്ന മീറ്ററിന് വാടക ഈടാക്കാമെന്ന് വ്യവസ്ഥ ചെയ്യുന്നു. കൂടാതെ ഇലക്ട്രിസിറ്റി ഡ്യൂട്ടിയും സെൽഫ് ജനറേഷൻ ഡ്യൂട്ടിയും 1963-ലെ കേരള ഇലക്ട്രിസിറ്റി ഡ്യൂട്ടി ആക്ട് |

വ്യവസ്ഥകൾ പ്രകാരമാണ് ഈടാക്കുന്നത്. Fuel surcharge, monthly fuel surcharge, late payment surcharge എന്നിവ കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ ഉത്തരവിന് വിധേയമായാണ് ഈടാക്കുന്നത്.

**1. എനർജി ചാർജ്:**

സംസ്ഥാനത്തെ വൈദ്യുതി ഉപഭോഗത്തിന്റെ 30% മാത്രമേ ആഭ്യന്തരമായി ഉത്പാദിപ്പിക്കുന്നുള്ളൂ. ബാക്കിയുള്ള 70 ശതമാനവും സംസ്ഥാനത്തിന് പുറമേയുള്ള സ്രോതസ്സുകളിൽ നിന്ന് ലഭ്യമാക്കുകയാണ്. ഇപ്രകാരം ആഭ്യന്തരമായി ഉത്പാദിപ്പിക്കുന്ന വൈദ്യുതിയുടെയും, പുറമെ നിന്നു വാങ്ങുന്ന വൈദ്യുതിയുടെയും വേരിയബിൾ ചാർജ്ജ് ഈടാക്കുന്നതിനു വേണ്ടിയാണ് ഉപഭോക്താക്കളുടെ ഉപഭോഗത്തിന് (consumption) അനുസൃതമായി സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ പുറത്തിറക്കിയിട്ടുള്ള താരിഫ് ഉത്തരവ് പ്രകാരം എനർജി ചാർജ്ജ് ഈടാക്കുന്നത്.

**2. ഫിക്സഡ് ചാർജ്:**

വിതരണ കമ്പനിയുടെ പ്രധാനപ്പെട്ട ചിലവിനങ്ങൾ ആയ ഉൽപാദനപ്രസരണ വിഭാഗത്തിലെ ചിലവുകൾ, വൈദ്യുതി വാങ്ങൽ വിലയിലെ ഫിക്സഡ് കോസ്റ്റ്, ഓപ്പറേഷൻ ആൻഡ് മെയിന്റനൻസ് ചെലവുകൾ, പലിശ ചെലവുകൾ, ലാഭവിഹിതം, [return of equity-ROE] മാസ്റ്റർ ട്രസ്റ്റിലേക്കുള്ള വിഹിതം എന്നിവയുടെ ഒരു ഭാഗം ഈടാക്കുന്നതിനു വേണ്ടിയാണ് കണക്ടഡ് ലോഡിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ പുറത്തിറക്കിയിട്ടുള്ള താരിഫ് ഉത്തരവ് പ്രകാരം ഫിക്സഡ് ചാർജ്ജ് അല്ലെങ്കിൽ അവരുടെ വൈദ്യുതി ആവശ്യകതയുടെ (Demand) അടിസ്ഥാനത്തിൽ ഡിമാൻഡ് ചാർജ്ജ് ഈടാക്കി വരുന്നത്.

3. **ഇലക്ട്രിസിറ്റി ഡ്യൂട്ടി:**
സംസ്ഥാന സർക്കാർ പുറത്തിറക്കിയ 1963- ലെ കേരള ഇലക്ട്രിസിറ്റി ഡ്യൂട്ടി ആക്ടിന്റെ വകുപ്പ് (4) പ്രകാരമാണ് ഇലക്ട്രിസിറ്റി ഡ്യൂട്ടി ഈടാക്കുന്നത്.

**4. മീറ്റർ വാടക:**
സർവീസ് കണക്ഷൻ എടുക്കുന്ന സമയത്ത് ഉപഭോക്താക്കളിൽ നിന്ന് മീറ്ററിന്റെ വില ഈടാക്കുന്നില്ല. എന്നാൽ ടി ഇനത്തിൽ ചെലവായ

തുക മീറ്റർ വാടകയുടെ അടിസ്ഥാനത്തിൽ ഈടാക്കുന്നതിന് വൈദ്യുതി നിയമം വ്യവസ്ഥ ചെയ്യുന്നുണ്ട്. മീറ്ററിന്റെ വില, ഉപയോഗ ക്ഷമമായ കാലാവധി എന്നിവയുടെ അടിസ്ഥാനത്തിൽ സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ നിശ്ചയിക്കുന്നതും, താരിഫ് ഉത്തരവിലൂടെ പ്രതിപാദിക്കുന്നതുമായ തുകയാണ് മീറ്റർ വാടകയായി ഈടാക്കി വരുന്നത്.

**5. ഫ്യൂവൽ സർചാർജ്:**

സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ പുറത്തിറക്കിയ താരിഫ് നിർണ്ണയ ചട്ടത്തിൽ ഇന്ധന വിലയിൽ ഉണ്ടാകുന്ന വ്യതിയാനങ്ങൾ കാരണം വൈദ്യുതി വാങ്ങൽ വിലയിലുണ്ടാകുന്ന (power purchase cost) ഏറ്റക്കുറച്ചിലുകൾ, ഇന്ധന സർചാർജ്ജിലൂടെ ഈടാക്കുവാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. 2022-23 വരെയുള്ള കാലയളവിലേക്ക് നടത്തിയ power purchase-നാണ് ഫ്യൂവൽ സർചാർജ്ജ് കമ്മീഷൻ അംഗീകരിച്ച നിരക്കിൽ, കമ്മീഷൻ അംഗീകരിച്ച കാലയളവിലേക്ക് ഈടാക്കുവാനാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. മൂന്നു മാസത്തിൽ ഒരിക്കലാണ് വൈദ്യുതി ബോർഡ് കമ്മീഷൻ മുമ്പാകെ പെറ്റീഷൻ സമർപ്പിക്കുന്നത്.കമ്മീഷൻ പൊതു തെളിവെടുപ്പ് നടത്തി അംഗീകരിക്കുന്ന ഇന്ധന സർചാർജ് ഈടാക്കുന്നതായിരുന്നു 2022-23 മാർച്ച് വരെ നിലനിന്നിരുന്നത്. അപ്രകാരം ജൂലൈ മുതൽ ഡിസംബർ 2022 വരെയുള്ള ഇന്ധന സർചാർജ്ജ് ആയി 248.04 കോടി രൂപ അനുവദിക്കുകയും ജൂൺ മുതലുള്ള ഉപഭോഗത്തിൻമേൽ 9 പൈസ നിരക്കിൽ മേൽപ്പറഞ്ഞ തുക തീരുന്നത് വരെ ഈടാക്കുവാനും അനുവദിച്ചുകൊണ്ട് 31.5.2023-ൽ കമ്മീഷൻ ഉത്തരവിറക്കിയിട്ടുണ്ട്. പ്രസ്തുത ഇന്ധന സർചാർജ്ജ് ആണ് ബില്ലിൽ fuel surcharge എന്ന പേരിൽ കാണിച്ചിട്ടുള്ളത്.

**6. Auto recovery fuel surcharge(Monthly fuel surcharge)**

2023 മെയ് മാസം സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ ചട്ടം ഭേദഗതി ചെയ്യുകയും ഏപ്രിൽ 2023 മുതലുള്ള ഇന്ധന സർചാർജ്ജ് പ്രതിമാസം കണക്കാക്കി ഉപഭോക്താക്കളിൽ നിന്ന് 2023 ജൂൺ മുതൽ പ്രതിമാസം 10 പൈസ വരെ സ്വയമേവ ഈടാക്കുവാൻ അനുവദിച്ചുകൊണ്ടുള്ള വ്യവസ്ഥ ഉൾക്കൊള്ളിക്കുകയും ചെയ്തിട്ടുണ്ട്.

| | | | |
|---|---|---|---|
| | | | 2023 ഏപ്രിൽ മുതൽ power purchase cost-നുള്ള ഇന്ധന സർചാർജ്ജ് 10 പൈസയായി നിജപ്പെടുത്തി ജൂൺ 2023 മുതൽ ഈടാക്കി വരുന്നു. ഇതാണ് monthly fuel surcharge എന്ന് ബില്ലിൽ കാണിച്ചിട്ടുള്ളത്. അതായത് ജൂൺ 2024-ലെ ബില്ലിൽ മേൽപ്പറഞ്ഞ 9 പൈസ നിരക്കിൽ ഇന്ധന സർചാർജ്ജും ഏപ്രിൽ 2024-ലെ പ്രതിമാസ ഇന്ധന സർചാർജ്ജ് ആയ 10 പൈസയും ആണ് ഈടാക്കുന്നത്. |

സെക്ഷൻ ഓഫീസർ